പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1034.

20.3.2012-ൽ
മറുപടിയ്ക്ക്

## സംസ്ഥാനത്ത് പുതുതായി അനുവദിച്ച ലോ കോളേജുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എ.എ.അസീസ്.**<br>**ശ്രീ.കോവൂർ കുഞ്ഞുമോൻ.** | | ശ്രീ.പി.കെ.അബ്ദുറബ്ബ്,<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര ലോ കോളേജുകളാണ് സർക്കാർ /എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്നതെന്ന വിശദവിവരം ജില്ലതിരിച്ച് നൽകുമോ; | (എ) | സംസ്ഥാനത്ത് സർക്കാർ മേഖലയിൽ താഴെപ്പറയുന്ന 4 ലോ കോളേജുകൾ പ്രവർത്തിച്ചുവരുന്നു.<br>1.ഗവ.ലോ കോളേജ്, തിരുവനന്തപുരം.<br>2.ഗവ.ലോ കോളേജ്, എറണാകുളം.<br>3.ഗവ.ലോ കോളേജ്, തൃശ്ശൂർ.<br>4.ഗവ.ലോ കോളേജ്, കോഴിക്കോട്.<br>ഇതു കൂടാതെ അൺ എയ്ഡഡ് മേഖലയിൽ കേരളാ ലോ അക്കാഡമി എന്ന പേരിൽ ഒരു സ്ഥാപനം കൂടി ബാർ കൗൺസിൽ ഓഫ് ഇന്ത്യയുടെ നിബന്ധനകൾക്ക് വിധേയമായി തിരുവനന്തപുരത്ത് പ്രവർത്തിക്കുന്നുണ്ട്. |
| (ബി) ഈ സർക്കാർ അധികാരമേറ്റെടുത്ത ശേഷം പുതുതായി എത്ര ലോ കോളേജുകൾക്കാണ് അനുവാദം നൽകിയത് ; | (ബിയും സിയും) | 28.01.2012 ലെ ജിഒ(എം.എസ്) നം.31/2012/ഉ.വി.വ.പ്രകാരം സ്വാശ്രയമേഖലയിൽ ചുരുക്കം എണ്ണം ലോ കോളേജുകൾ കോർപ്പറേറ്റ് മാനേജുമെന്റുകളുടെ കീഴിൽ മാത്രം തുടങ്ങുന്നതിന് എൻ.ഒ.സി.നൽകുന്നതിന് തത്വത്തിൽ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിൻ പ്രകാരം കൊല്ലം ജില്ലയിലെ കൊട്ടിയത്ത് നായർ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ പഞ്ചവത്സര ഇന്റഗ്രേറ്റഡ് എൽ.എൽ.ബി കോഴ്സ് കേരളാ യൂണിവേഴ്സിറ്റി നിശ്ചയിക്കുന്ന വിദ്യാർത്ഥികളുടെ എണ്ണവും ബാർ |

| | | |
|---|---|---|
| | | കൗൺസിൽ ഓഫ് ഇന്ത്യയുടെ വ്യവസ്ഥകളും, സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചുകൊണ്ട് ഒരു സ്വാശ്രയ ലോ കോളേജ് ആരംഭിക്കുന്നതിന് എൻ.ഒ.സി നൽകിയിട്ടുണ്ട്. |
| (സി) | പുതുതായി അനുവാദം നൽകിയ കോളേജുകൾ ഏതൊക്കെയാണെന്നും , ഏതൊക്കെ കോഴ്സുകളാണ് നടത്തുകയെന്നും , എത്ര സീറ്റുകൾ വീതമാണുള്ളതെന്നും എയ്ഡഡ് സർക്കാർ അൺഎയ്ഡഡ് മേഖല തിരിച്ച് വ്യക്തമാക്കുമോ ? | |

സെക്ഷൻ ഓഫീസർ.